**Registered Post**

നഗരകാര്യ വകുപ്പ്, കോഴിക്കോട് മേഖല ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ് - ഉത്തരമേഖല കാര്യാലയം - വടകര നഗരസഭയിൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. വിപിൻ.പി.കെ യുടെ സൂപ്പർവൈസർ - എ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================================

ഇ - 1142/2017 തിയ്യതി, കോഴിക്കോട്, 20/04/2018

================================================================================================

പരാമർശം:- 1. വടകര നഗരസഭാ സെക്രട്ടറിയുടെ 23/5/2017 ലെ ബി.എ. - 654/14-15 നമ്പർ കത്ത്.

2.. ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. വിപിൻ പി.കെ. യ്ക്ക് ഈ ഓഫീസിൽ നിന്നും 23/10/2017 തിയ്യതിയിൽ ഇതേ നമ്പറായി നൽകിയ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. വിപിൻ.പി.കെ. 15/11/17 തിയ്യതിയിൽ സമർപ്പിച്ച മറുപടി

4. ശ്രീ. വിപിൻ.പി.കെ. 9/2/18 ന് ഈ ഓഫീസിൽ നേരിൽ ഹാജരായി നൽകിയ സ്റ്റേറ്റ്മെന്റ്

## ഉത്തരവ്

വടകര നഗരസഭ വാർഡ് - 23 ൽ റീ. സർവ്വെ നമ്പർ 272/7ബി യിൽ പ്പെട്ട 3 ആർ ഭൂമിയിൽ വാണിജ്യ ആവശ്യത്തിനു ഒരു കെട്ടിടം നിർമ്മിക്കുന്നതിന് മായാൻ കളത്തിൽ ശ്രീ. കുഞ്ഞികണ്ണൻ മുതൽ പേർ സമർപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിച്ച അനുബന്ധ രേഖകളും, പ്ലാനും ചട്ട വിരുദ്ധമായാണ് സമർപ്പിച്ചിട്ടുള്ളത് എന്നും ആയതിനാൽ ടി പ്ലാൻ തയ്യാറാക്കി ഒപ്പിട്ട് സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ - എ ശ്രീ. വിപിൻ .പി.കെ., പാഞ്ചജന്യം (Reg. No. E-2050/08/5803/KKD/30/2014/SA) എന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ ഈ ഓഫീസിൽ 9/3/2017 ന് ലഭിച്ച കത്ത് പ്രകാരം വടകര നഗരസഭാ സെക്രട്ടറി ശുപാർശ ചെയ്തിരുന്നു. തുടർന്ന് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ചുവടെ ചേർക്കുന്ന ചട്ട ലംഘനങ്ങൾ ചൂണ്ടികാണിച്ചിട്ടുണ്ട്.

1) നഗരസഭയിൽ വിവിധ ഘട്ടങ്ങളിലായി സമർപ്പിച്ച പ്ലാനുകളിൽ ഉടമസ്ഥർ എന്ന് അവകാശപ്പെടുന്നവർ വിവിധ തരത്തിലുള്ള ഒപ്പു രേഖപ്പെടുത്തിയതായി കാണുന്നു. അപേക്ഷയിൽ ഉടമസ്ഥരിൽ ഒരാളുടെ പേര് തന്നെ മാറിയാണ് ഒരു ഘട്ടത്തിൽ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്.

2) 1999 ലെ കെ.എം.ബി.ആർ. ചട്ടം 6(IV) പ്രകാരം പ്ലോട്ടിൽ നിലവിലുള്ള എല്ലാ നിർമ്മാണങ്ങളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത പ്ലോട്ടിൽ നിലനിന്നിരുന്ന പഴയ വീട് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

3) 26/3/2015 ന് പ്ലാൻ പരിശോധിച്ച നഗരസഭാ ബിൽഡിംഗ് ഇൻസ്പെക്ടർ കെ.എം.ബി.ആർ. ചട്ടം 56(1), 40 എന്നിവയുടെ ലംഘനമുള്ളതായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് നോട്ടീസ് നൽകിയിട്ടും യഥാവിധിയുള്ള പ്ലാൻ സമർപ്പിച്ചിട്ടില്ല.

മേൽ ചട്ട ലംഘനങ്ങൾ ചൂണ്ടിക്കാട്ടി ലൈസൻസി ശ്രീ. പി.കെ. വിപിന് പരാമർശം (2) പ്രകാരം ഈ ഓഫീസിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (3) പ്രകാരം മറുപടി സമർപ്പിക്കുകയും പരാമർശം (4) പ്രകാരം ഈ ഓഫീസിൽ നേരിൽ ഹാജരായി മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ പ്രായാധിക്യവും, വിദ്യാഭ്യാസ കുറവും കാരണമാണ് അപേക്ഷയിലെ ഒപ്പുകളിൽ വ്യത്യാസം വരുവാനിടയായത് എന്നും, പ്രസ്തുത നിർമ്മാണ സ്ഥലം ടിയാൻ പരിശോധിക്കു മ്പോൾ യാതൊരുവിധ വസ്തുവും ആ സ്ഥലത്ത് ഉണ്ടായിരുന്നില്ല എന്നും ഇപ്പോഴും തത്സ്ഥിതിയിലാണ് മേൽ സ്ഥലം എന്നും ടിയാൻ മറുപടിൽ ബോധിപ്പിക്കുകയുണ്ടായി. ഉടമസ്ഥർ പലരും പല സ്ഥലങ്ങളിലായി താമസിക്കുന്നതിനാലാണ് ടിയാന് യഥാസമയം പ്ലാൻ മാറ്റി സമർപ്പിക്കുവാൻ സാധിക്കാതിരുന്നത് എന്നും പ്രസ്തുത മറുപടിയിൽ ലൈസൻസി ശ്രീ. പി.കെ. വിപിൻ ബോധിപ്പിച്ചിട്ടുണ്ട്. കെ.എം.ബി.ആർ. ചട്ടം (40) നിഷ്കർഷിക്കുന്ന വിധം അംഗപരിമിതർക്കുള്ള റാമ്പ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നും എന്നാൽ പടിഞ്ഞാറ് ഭാഗത്തുള്ള മെയിൻ എൻട്രസിൽ അല്ലെങ്കിലും തെക്ക് വശത്ത് ആയത് രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന വിവരം നേരിൽ കേട്ട അവസരത്തിൽ ബോധിപ്പിക്കുകയുണ്ടായി. നഗരസഭയിൽ സമർപ്പിച്ച പ്ലാനിൽ ഉടമസ്ഥരുടെ പേരിൽ വന്ന വ്യത്യാസവും, ഒപ്പിൽ വ്യത്യാസം വന്നതും ബോധപൂർവ്വം ടിയാന് സംഭവിച്ച പിഴവല്ല എന്നും എന്നാൽ ഒപ്പുവെച്ചവരെല്ലാം യഥാർത്ഥ ഉടമകൾ തന്നെയാണ്എന്ന വസ്തുത പരിഗണിച്ച് ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

1999 ലെ കെ.എം.ബി.ആർ. ചട്ടം 153(1) പ്രകാരം പ്ലാനുകളും, ഡ്രോയിംഗുകളും, ആക്ടിലെയും ചട്ടങ്ങളിലെയും അല്ലെങ്കിൽ സർക്കാരോ മുനിസിപ്പാലിറ്റിയൊ, പുറപ്പെടുവിച്ചി ട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും, വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് പ്ലാനുകളിലും, ഡ്രോയിംഗുക ളിലും രേഖപ്പെടുത്തി ഒപ്പുവെക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ ചട്ടം 153(4) പ്രകാരം പ്ലാനിലും, ഡ്രോയിംഗിലും, വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മക്കും സത്യാവസ്ഥയ്ക്കും ലൈസൻസി ഉത്തരവാദിയായിരിക്കു